**പതിമൂന്നാം കേരള നിയമസഭ**
**അഞ്ചാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നംപർ. 3730**

**26.06.2012 -ൽ മറുപടിയ്ക്ക്**

**'നമുക്ക് ഗ്രാമങ്ങളിൽ പോകാം' എന്ന പദ്ധതി**

| **ചോദ്യം** | **ഉത്തരം** |
|---|---|
| ശ്രീ. വി.ഡി. സതീശൻ:<br>" അൻവർ സാദത്ത്:<br>" ബെന്നി ബെഹനാൻ:<br>" എ.റ്റി. ജോർജ് | ശ്രീ. സി.എൻ. ബാലകൃഷ്ണൻ<br>( സഹകരണവും ഖാദി ഗ്രാമ വ്യവസായവും മലിനീകരണ നിയന്ത്രണവും വകുപ്പ് മന്ത്രി) |
| (എ) 'നമുക്ക് ഗ്രാമങ്ങളിൽ പോകാം' എന്ന പദ്ധതി യുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാമാണ്; | (എ) ഖാദി ഗ്രാമ വ്യവസായ വകുപ്പിലോ, തദ്ദേശ സ്വയംഭരണ വകുപ്പിലോ 'നമുക്ക് ഗ്രാമങ്ങളിൽപോകാം' എന്ന പദ്ധതി നടപ്പിലാക്കുന്നില്ല. എന്നാൽ കേരളത്തിലെ ഗ്രാമങ്ങളുടെ തനത് സംസ്കാരം, ഗ്രാമത്തിന്റേത് മാത്രമായ തനിമയും നൻമയും, അവയുടെ തനത് കായിക-കലാ സാംസ്കാരിക-രാഷ്ട്രീയ-സാമൂഹ്യമുദ്രകൾ ഇവയ്ക്കൊക്കെ ഒരു പുനർ നിർമ്മിതി അല്ലെങ്കിൽ പുറം ലോകത്തിന് ഒരു അവബോധം ഉണർത്തിയെടുക്കൽ ലക്ഷ്യമാക്കികൊണ്ട് ഓരോ അസംബ്ലി നിയോജക മണ്ഡലങ്ങളിലെയും ഒരു ഗ്രാമപഞ്ചായത്തിൽ ഒന്നു വീതം വിശേഷാൽ ഗ്രാമസഭ ചേർന്ന് കൊണ്ട് ഒരു ഗ്രാമയാത്ര നടത്തിവരുന്നു.<br><br>ഇത്തരം വിശേഷാൽ ഗ്രാമസഭകളിൽ ഒരു ഗ്രാമത്തിന്റെ സവിശേഷ കാർഷിക വിള, കാർഷിക രീതി, വിദ്യാഭ്യാസ രംഗം, സാംസ്കാരിക പൈതൃകം പേറുന്ന വയോജനങ്ങൾ, സഹന ത്യാഗ പാരമ്പര്യമുള്ള രാഷ്ട്രീയ-സാമൂഹിക നേതാക്കൾ, ഗ്രാമങ്ങളുമായി ബന്ധപ്പെട്ട |

| | | | |
|---|---|---|---|
| | | | ഐതിഹ്യങ്ങൾ, സ്ഥാപനങ്ങൾ, ഗ്രാമ നന്മ പുലരുന്ന ഇടങ്ങൾ, പുലർത്തുന്ന വ്യക്തികൾ ഇവയൊക്കെ ഉൾച്ചേർന്ന ഒരു ബൃഹത്തായ കൂടിച്ചേരൽ ആണ് ലക്ഷ്യമിട്ടിട്ടുള്ളത്. |
| (ബി) | പദ്ധതിയുടെ പ്രവർത്തനം സംസ്ഥാനത്ത് അനുവദിച്ചിട്ടുണ്ടോ; വിശദമാക്കുമോ; | (ബി) | ഉണ്ട്. സംസ്ഥാനത്ത് ഇതിനകം 10 ഗ്രാമയാത്രകൾ സംഘടിപ്പിച്ചിട്ടുണ്ട്. |
| (സി) | ഏതെല്ലാം ഏജൻസികളുടെ സഹായത്തോടെയാണ് ഈ പദ്ധതി നടപ്പാക്കുന്നത്; | (സി) | ഗ്രാമയാത്രയുടെയും അതിന്റെ ഭാഗമായി നടക്കുന്ന പ്രസ്തുത ഗ്രാമ സഭകളുടെയും നടത്തിപ്പിന് ആവശ്യമായി വരുന്ന തുക കേരള ലോക്കൽ സെൽഫ് ഗവൺമെന്റ് സർവ്വീസ് ഡെലിവറി പ്രോജക്റ്റ് (KLGSDP)- ന്റെ അക്കൗണ്ടിൽ നിന്നും കണ്ടെത്തുവാനും ഗ്രാമ യാത്ര നടത്തിപ്പിനുള്ള നോഡൽ ഏജൻസിയായി **കിലയെയും** ചുമതലപ്പെടുത്തിയിട്ടുണ്ട്. |
| (ഡി) | സംസ്ഥാനത്ത് മുഴുവൻ ഈ പദ്ധതി നടപ്പാക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ ? | (ഡി) | സംസ്ഥാനത്ത് 134 നിയോജക മണ്ഡലങ്ങളിലും വരുന്ന ഗ്രാമപഞ്ചായത്തിന്റെ ഓരോ വാർഡിലുമാണ് ഗ്രാമ യാത്ര നടത്താൻ ലക്ഷ്യമിട്ടിട്ടുള്ളത്. |

സെക്ഷൻ ഓഫീസർ